# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 469
### (29.01.2019-ലെ മറുപടിക്ക്)

### പഴയങ്ങാടി സബ്ട്രഷറി കെട്ടിടനിർമ്മാണം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. റ്റി.വി. രാജേഷ്<br>(ബഹു. എം.എൽ.എ) | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പഴയങ്ങാടി സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; | 28.12.2018 തീയതിയിലെ സ.ഉ.(സാധാ) നമ്പർ. 10644/2018/ധന ഉത്തരവ് പ്രകാരം പഴയങ്ങാടി സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണ പ്രവൃത്തിക്ക് 2,13,91,000/- രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ കെട്ടിടനിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകാമോ? | നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് വർക്ക് അവാർഡ് ചെയ്യുന്നതിന്റെ പ്രാരംഭ നടപടിയായി ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടെന്നും 21.01.2019-ന് മുമ്പ് Electronics mode വഴി ടെണ്ടർ സമർപ്പിക്കാൻ പത്രപ്പരസ്യം നൽകിയിരുന്നതായും 2 ടെണ്ടറുകൾ ലഭ്യമായിട്ടുണ്ടെന്നും Tender Valuation നടപടികൾ പുരോഗമിക്കുകയാണെന്ന് ഇൻകെൽ ലിമിറ്റഡ് അറിയിച്ചിട്ടുള്ളതായും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഇൻകെൽ ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ട് പഴയങ്ങാടി സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണെന്നും ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ